# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3963**.

**16-05-2017 ൽ മറുപടിയ്ക്ക്**

## കൃഷിയോഗ്യമായ സർക്കാർ ഭൂമി കർഷകർക്ക് വിട്ടു കൊടുക്കുന്നതിന് നടപടി

**ചോദ്യം**
ശ്രീ.അബ്ദുൽ ഹമീദ് പി.

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൃഷിയോഗ്യമായ സർക്കാർ ഭൂമി കർഷകർക്ക് പാട്ടത്തിന് നൽകുന്നതിന് വ്യവസ്ഥയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) & (ബി) | കൃഷി വകുപ്പിലെ ഫാമുകളിലെ ഭൂമി കർഷകർക്ക് പാട്ടത്തിന് നൽകുന്നതിന് വ്യവസ്ഥയില്ല. എന്നാൽ കൃഷി വകുപ്പിന് കീഴിലുള്ള അഗ്രി ഹോൾസെയിൽ മാർക്കറ്റുകളായ മൂവാറ്റുപുഴ ഇ.ഇ.സി. മാർക്കറ്റിൽ 3 ഏക്കറും, വേങ്ങരയിൽ 10 ഏക്കറും സുൽത്താൻ ബത്തേരിയിൽ 3.41 ഏക്കറും ഹ്രസ്വകാല കൃഷിയ്ക്ക് കുടുംബശ്രീ പോലുള്ള അയൽക്കൂട്ടങ്ങൾക്ക് മാർക്കറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സ്ഥലം താൽക്കാലികമായി കാർഷികാവശ്യത്തിന് ലഭ്യമാക്കിയിരുന്നു. |
| (ബി) | ഇത്തരത്തിൽപ്പെട്ട എത്രത്തോളം ഭൂമി സർക്കാരിന്റെ പക്കൽ ഉണ്ട് എന്ന് വെളിപ്പെടുത്തുമോ; | | |
| (സി) | ഇത്തരത്തിൽപ്പെട്ട ഭൂമി താൽപര്യമുള്ള കർഷകർക്ക് കൃഷിചെയ്യുന്നതിനായി വിട്ടു കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കൃഷി ഭൂമികളിലെല്ലാം സർക്കാർ നേരിട്ട് കൃഷി ഇറക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ